സബ്സിഡിയും ആദ്യത്തെ നാല് വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. സംസ്ഥാനത്ത് നിലവിലുള്ള സ്വയംസംരംഭക മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കാർഷികം, ചെറുകിട വ്യാപാരം, ചെറുകിട വ്യവസായം, സേവനം, ഉത്പാദനം തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം ലഭിക്കുമെന്നതാണ് പദ്ധതിയുടെ സവിശേഷത.

(സി) രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

നിതാഖത്ത് നിയമംമൂലം സൗദി അറേബ്യയിൽനിന്നും തിരിച്ചെത്തിയവരുടെ പുനരധിവാസം

75 (3359) ശ്രീ. പി. ഉബൈദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് സൗദി അറേബ്യയിൽനിന്നും ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയവരുടെ പുനരധിവാസം ലക്ഷ്യമിട്ട് നോർക്ക-റൂട്ട്സ് വഴി ആരംഭിച്ച സ്വയം തൊഴിൽ സംരംഭകത്വ വായ്പാ പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് ലഭിച്ചത് ;

(ബി) പ്രസ്തുത അപേക്ഷകളിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ബാങ്കുകൾക്ക് ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 19690 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ നോർക്ക റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് സൗദി അറേബ്യയിൽനിന്നും തിരികെയെത്തിയ 22634 പേർ നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ 6000 പേർ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) NDPREM എന്ന പദ്ധതി പ്രകാരം ലഭിച്ച 19690 അപേക്ഷകളിൽ 320 പേർക്ക് ഇതിനകം വായ്പ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 16000 ത്തോളം പേരെ സ്ക്രീനിംഗിന് വിളിക്കുകയും, സ്ക്രീനിംഗ് അറ്റൻഡ് ചെയ്ത 8000 ത്തോളം പേരിൽനിന്നും 3000 ത്തോളം പേരുടെ അപേക്ഷകൾ ബാങ്കുകളിൽ പ്രോസ്സസിംഗിലാണ്. ബാക്കിയുള്ളവരുടെ അപേക്ഷകളിന്മേൽ അവസാനഘട്ട സ്ക്രീനിംഗ് നടപടികൾ പുരോഗമിക്കുകയാണ്. നോർക്ക-റൂട്ട്സിൽ രജിസ്റ്റർ ചെയ്ത 22634 പേരുടെ ഡാറ്റാ കളക്ഷനും മറ്റ് നടപടികളും പുരോഗമിക്കുകയാണ്. അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

(സി) ഇത് സംബന്ധിച്ച് കാനറാ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയുമായി നോർക്ക റൂട്ട്സ് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പുവച്ചിട്ടുണ്ട്.

ലിബിയയിൽ കുടുങ്ങിക്കിടക്കുന്ന നഴ്സുമാരെ നാട്ടിലെത്തിക്കാൻ നടപടി

76 (3360) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലിബിയയിൽ കുടുങ്ങിക്കിടക്കുന്ന നഴ്സുമാരെ നാട്ടിലെത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) എംബസി അധികൃതർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആഭ്യന്തര പ്രശ്നങ്ങൾ നേരിടുന്ന ലിബിയയിൽ ജോലി ചെയ്യുവരുന്ന കേരളീയരെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ ലിബിയയിലെ ഇന്ത്യൻ എംബസ്സി മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത വിവരം അറിഞ്ഞയുടനെ തന്നെ ട്രിപ്പോളിയിലെ ഇന്ത്യൻ എംബസ്സിയുമായി ബന്ധപ്പെട്ട് സ്ഥിതിഗതികൾ വിലയിരുത്തുകയും നോർക്ക റൂട്ട്സിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ സംവിധാനത്തിലൂടെ ഇവരുമായി ബന്ധപ്പെടുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് ബഹു. കേരള മുഖ്യമന്ത്രിയും, നോർക്ക വകുപ്പ് മന്ത്രിയും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നോർക്ക

LIBRARY ARCHIVES Kerala Legislative Assembly